ഗ്രേറ്റർ കൊച്ചിൻ ഡവലപ്മെന്റ് അതോറിറ്റി അന്താരാഷ്ട്ര സ്റ്റേഡിയം പണിയ്ക്ക് എടുത്ത ലോൺ

120 (3074)ശ്രീ. എം. പി. ഗംഗാധരൻ :

ശ്രീ. എ. കെ. മണി :

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :

ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രേറ്റർ കൊച്ചിൻ ഡവലപ്മെന്റ് അതോറിറ്റി അന്താരാഷ്ട്ര സ്റ്റേഡിയം പണിക്കുവേണ്ടി എന്തു തുകയുടെ ലോൺ എടുത്തു ;

(ബി) ഈ വായ്പയും പലിശയും ഉൾപ്പെടെ എന്തു തുക തിരിച്ചടക്കാനുണ്ട് ;

(സി) ഈ സ്റ്റേഡിയം എപ്രകാരം പ്രയോജനപ്രദമായി ഉപയോഗിക്കാമെന്ന് കരുതപ്പെടുന്നു ;

(ഡി) സ്റ്റേഡിയം പണിമൂലം ഉണ്ടായ കടം എങ്ങനെയാണ് വീട്ടാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സിൻഡിക്കേറ്റ് ബാങ്കിൽ നിന്നും 18-3-1994-ൽ പ്രതിവർഷം 15.5% പലിശ നിരക്കിൽ 30 കോടി രൂപ ഡിബഞ്ചർ വായ്പയായി എടുത്തിട്ടുണ്ട്.

(ബി) 30 കോടി രൂപ മുതലും 31-3-2003 വരെ 23,25,00,000 രൂപ പലിശയും അടയ്ക്കാനുണ്ട്.

(സി) ദേശീയ അന്തർദേശീയ ക്രിക്കറ്റ്/ഫുട്ബോൾ മത്സരങ്ങൾ ആണ് ഇവിടെ നടന്നിട്ടുള്ളത്. അതും വർഷത്തിൽ ഒരു തവണ മാത്രം. കായികമത്സരങ്ങൾ നടത്തുന്നതിനുള്ള സൗകര്യം സ്റ്റേഡിയത്തിലില്ല. അതിനുള്ള സൗകര്യം കൂടി ഉണ്ടെങ്കിൽ കുറച്ചുകൂടി പ്രയോജനപ്രദമായി സ്റ്റേഡിയം ഉപയോഗിക്കാൻ സാധിക്കും. സ്റ്റേഡിയത്തിലെ കടമുറികൾ, ആഫീസ് മുറികൾ, ഗുദാമുകൾ എന്നിവ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ആയതിൽ നിന്നുമുള്ള വരുമാനം കൊണ്ടു മാത്രം മുതലും പലിശയും അടയ്ക്കുന്നതിന് സാധിക്കുകയില്ല.

(ഡി) സ്റ്റേഡിയത്തിൽ നിന്നും വാടകയായി ലഭിക്കുന്ന തുക തുച്ഛമാകയാലും അതോറിറ്റിക്ക് തനത് വരുമാനം വാടക മാത്രമായതിനാലും, അതോറിറ്റിയുടെ ഉടമസ്ഥതയിൽ വിവിധ പദ്ധതി പ്രദേശങ്ങളിലുള്ള ഭൂമി വില്പന നടത്തി കിട്ടുന്ന തുക ഉപയോഗിച്ച് കടം വീട്ടുവാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly